ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
# DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
**Bengaluru Office:** Regional Pastoral Centre, Santhome Church, Hulimavu,
Bannerghtta Road, Bengaluru – 560 076, Karnataka, India

Ref.M/BP/LFB/4.2023 May 18, 2023

## ബഹുമാനപ്പെട്ട ജെയിംസ് കുന്നാംപടവിൽ CMF അച്ചൻ പുതിയ പ്രോട്ടോസിഞ്ചലൂസ്

സ്നേഹമുള്ള അച്ചന്മാരേ, സിസ്റ്റേഴ്സ്, സഹോദരീസഹോദരന്മാരേ,

ക്രിസ്തുവിന്റെ സമാധാനം എന്നും നിങ്ങളോട് കൂടെ ഉണ്ടായിരിക്കട്ടെ. വളരെ നിസ്തുലവും ത്യാഗപൂർണ്ണവുമായ സേവനം മണ്ഡ്യ രൂപതയ്ക്ക് നൽകിയതിനുശേഷം നമ്മുടെ പ്രിയപ്പെട്ട കോയിക്കരയച്ചൻ മറ്റൊരു ശുശ്രൂഷയിലേക്ക് നിയമിക്കപ്പെട്ട കാര്യം നിങ്ങൾക്ക് എല്ലാവർക്കും അറിയാവുന്നതാണല്ലോ. ഈശോയുടെ നാമത്തിൽ കോയിക്കരയച്ചന് നന്ദി പറയുന്നു. സുസ്മേരവദനനായി എല്ലാവരേയും എല്ലാ സാഹചര്യങ്ങളേയും അഭിമുഖീകരിക്കുന്ന അച്ചൻ നമുക്കെല്ലാവർക്കും ഒരു പ്രചോദനമാണ്.

നമ്മുടെ രൂപതയുടെ പുതിയ പ്രോട്ടോസിഞ്ചലൂസായി ക്ലരീഷ്യൻ സഭാംഗവും ഇപ്പോൾ ജാലഹള്ളി പള്ളി വികാരിയുമായ ജെയിംസ് കുന്നാംപടവിൽ അച്ചനെ നിയമിച്ച കാര്യം നിങ്ങളെ അറിയിക്കുന്നതിൽ സന്തോഷമുണ്ട്. സണ്ണിയച്ചൻ എന്നാണ് ജെയിംസച്ചനെ എല്ലാവരും വിളിക്കുക. സണ്ണിയച്ചന് ഈശോയുടെ നാമത്തിൽ പ്രാർത്ഥനാനിർഭരമായ ആശംസകൾ നേരുന്നു. പ്രോട്ടോസിഞ്ചലൂസായിട്ടുള്ള അച്ചന്റെ പ്രവർത്തനങ്ങൾ ജാലഹള്ളിയിൽ നിന്നായിരിക്കും അച്ചൻ നിർവ്വഹിക്കുക.

താഴെ പറയുന്നവയുടെ ഔദ്യോഗിക നിർവ്വഹണത്തിനായി സണ്ണിയച്ചനെ നിങ്ങൾ സമീപിക്കുമല്ലോ.

1. കൈക്കാരന്മാരുടെ നിയമനവും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളും.
2. മനസമ്മതവും വിവാഹവും സംബന്ധിച്ച അനുവാദങ്ങളും
3. രൂപതയിലെ കമ്മീഷനുകൾ സംബന്ധിച്ച പ്രവർത്തനങ്ങളും അവയുടെ ഡയറക്ടേഴ്സ്, അസിസ്റ്റന്റ് ഡയറക്ടേഴ്സ്, കോ-ഓർഡിനേറ്റേഴ്സ് എന്നിവരെ സംബന്ധിച്ചുള്ള നിയമനങ്ങളും മാറ്റങ്ങളും.
4. കൈക്കാരന്മാരുടെ സമ്മേളനം വിളിച്ചു കൂട്ടുന്നതിനും അവർക്ക് പരിശീലനം നൽകുന്നതിനും.
5. രൂപതയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുമായും പ്രത്യേകിച്ച് സമർപ്പിതർ നേതൃത്വം നൽകുന്ന സ്ഥാപനങ്ങളുമായി നല്ല ബന്ധങ്ങളും സഹകരണങ്ങളും പുലർത്തുന്നതിനും.
6. അജപാലന ശുശ്രൂഷകളിൽ വൈദികരും സമർപ്പിതരും നേരിടുന്ന ബുദ്ധിമുട്ടുകളും പ്രതിസന്ധികളും കേൾക്കുന്നതിനും അവ പരിഹരിക്കുവാൻ അനുയോജ്യമായ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും.
7. രൂപത ഫൈനാൻസ് ഓഫീസറോട് ചേർന്ന്, തിരട്ടുകൾക്ക് തീർപ്പു കൽപ്പിക്കുന്നതിനും പ്രത്യേക പിരിവുകളെ സംബന്ധിച്ച് നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനും ഓരോ ഇടവകയും രൂപതാ സ്ഥാപനങ്ങളും ഗവൺമെന്റ് ആയി ബന്ധപ്പെട്ട എല്ലാ നിബന്ധനകളും പൂർത്തീകരിച്ചുവെന്ന് ഉറപ്പു വരുത്തുന്നതിനും.
8. അജപാലന സമിതികളുമായി കൂടിയാലോചനകൾ നടത്തുന്നതിനും.

രൂപതാ കൂരിയായോട് ചേർന്നാണ് സണ്ണിയച്ചൻ പ്രവർത്തിക്കുക. അച്ചന് എല്ലാവിധ മംഗളങ്ങളും നേരുന്നു. അച്ചന്റെ ശുശ്രൂഷ ദൈവജനത്തിന് അനുഗ്രഹമായിത്തീരും. നമ്മൾ ആഗ്രഹിക്കുന്നതിലും അധികമായി തന്റെ വരദാനങ്ങൾ ധാരാളമായി വാരിവിതറുന്ന ദൈവം സണ്ണിയച്ചനിലൂടെ നമ്മുടെ രൂപതയെ സ്നേഹത്തിന്റെ കണ്ണികളാൽ ബലപ്പെടുത്തട്ടെ.

വാത്സല്യത്തോടെ,
സ്നേഹത്തോടെ,

സെബാസ്റ്റ്യൻ പിതാവ്

Website: www.mandyadiocese.org | email: dioceseofmandya@gmail.com, sebaady@gmail.com